# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം നമ്പർ. 605 | 11..07..2012 – ൽ ബഹു: ധനകാര്യവും<br>നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി<br>മറുപടി പറയേണ്ടത് |

## നാഷണൽ സേവിംഗ്സിലെ നിക്ഷേപം

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എ.എ. അസീസ്

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | | |
|---|---|---|---|---|
| എ | സംസ്ഥാനത്ത് നാഷണൽ സേവിംഗ്സ് വഴി ഒരു വർഷം എത്ര രൂപയാണ് സമാഹരിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | (2011-2012-ലെ) | |
| | | ജില്ല | മൊത്ത നിക്ഷേപം (കോടി.ക) | മിച്ച നിക്ഷേപം (കോടി.ക) |
| | | തിരുവനന്തപുരം | 667.52 | -108.33 |
| | | കൊല്ലം | 368.76 | 24.48 |
| | | ആലപ്പുഴ | 617.04 | -39.31 |
| | | പത്തനംതിട്ട | 381.26 | -45.36 |
| | | കോട്ടയം | 439.97 | -24.26 |
| | | ഇടുക്കി | 109.96 | 5.64 |
| | | എറണാകുളം | 864.07 | -141.17 |
| | | തൃശ്ശൂർ | 104.13 | -12.77 |
| | | മലപ്പുറം | 418.40 | 28.45 |
| | | പാലക്കാട് | 662.12 | -70.13 |
| | | കോഴിക്കോട് | 401.78 | -26.47 |
| | | കണ്ണൂർ | 476.89 | -35.79 |
| | | വയനാട് | 62.82 | 5.50 |
| | | കാസറഗോഡ് | 139.97 | -4.85 |
| | | ആകെ | **5714.69** | **(-)444.37** |
| | | | ========= | ========== |

| | | |
|---|---|---|
| ബി | കമ്മീഷൻ ഇനത്തിൽ ഒരു വർഷം എത്ര രൂപയാണ് ഏജന്റുമാർക്ക് നൽകേണ്ടി വരുന്നത്; ഇത് ഒരു വർഷത്തെ സേവിംഗ്സിന്റെ എത്ര ശതമാനമാണ്; | മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4 ശതമാനവും എസ്.എ.എസ് ഏജന്റുമാർക്ക് ½ ശതമാനവുമാണ് കമ്മീഷനായി നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ സമ്പാദ്യ പദ്ധതിയിൽ മൊത്ത നിക്ഷേപമായി 5714.69 കോടി രൂപ സമാഹരിക്കുകയും മിച്ച നിക്ഷേപമായി (-)444.37 കോടി രൂപയുമാണ് ഉള്ളത്. ഓരോ വർഷത്തെയും സമാ-ഹരണത്തിൽ വ്യത്യാസമുണ്ട്. സമാഹരിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ തുക കൊടുക്കേണ്ടിവരുക കമ്മീഷൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. |
| സി | കൂടുതൽ നിക്ഷേപങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനായി 1.4.2012 മുതൽ പലിശ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിനുപുറമെ പരിമിതമായ തോതിലാണെങ്കിലും ഇലക്ട്രോണിക് അച്ചടി മാധ്യമങ്ങൾ, ബാനറുകൾ, ലീഫ്ലെറ്റുകൾ എന്നിവ വഴിയും പരസ്യങ്ങൾ നൽകി വരുന്നു. ഇതു കൂടാതെ ഏജന്റുമാർക്കും ഓഫീസർമാർക്കും സമയബന്ധിതമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |

R. [signature]

സെക്ഷൻ ഓഫീസർ